"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- **DGE/13542/2024-N2**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **20-07-2024**

# സർക്കുലർ

വിഷയം:-പൊതുവിദ്യാഭ്യാസം- കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ- ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്- ഓൺലൈൻ അപേക്ഷ സമർപ്പണം- സംബന്ധിച്ച്

സൂചന :- 1. സാമൂഹ്യ നീതിയും ശാക്തീകരണവും വകുപ്പ് മന്ത്രാലയത്തിന്റെ 01/07/2024-ലെ കത്ത് No. Z-11017/100/2023-SCH

2. 05/07/2024-ലെ DGE/12292/2024-N2 നമ്പർ സർക്കുലർ

*****

സൂചന കണ്ടാലും. 2024-25 അധ്യയന വർഷത്തേക്കുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ 30/06/2024 ന് തുറന്നിട്ടുണ്ട് എന്ന് അറിയിച്ചിരിക്കുന്നു. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നൽകുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31/08/2024 ആണ്. സർക്കാർ/ എയ്ഡഡ്/ അംഗീകാരമുള്ള പ്രൈവറ്റ്/ ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്കൂളുകളിൽ 9, 10 ക്ലാസുകളിൽ റെഗുലർ വിദ്യാർത്ഥികളായി തുടർ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാത്രമാണ് പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുള്ളത്. ആയത് വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ വരത്തക്കരീതിയിൽ അറിയിപ്പ് നൽകുന്നതിന് പ്രധാനാധ്യാപകർ/വിദ്യാഭ്യാസ ഓഫീസർമാർ ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

2024-25 വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഒറ്റത്തവണ രജിസ്ട്രേഷൻ(OTR) നിർബന്ധമാണ്. കൂടാതെ സംസ്ഥാനത്തെ എല്ലാ അംഗീകൃത വിദ്യാലയങ്ങളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ(NSP)-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസറുടെ(INO) eKYC-യും ആധാർ ആതന്റിക്കേഷനും വെരിഫൈ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും നിർദ്ദേശിച്ചിരിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷൻ(OTR) ചെയ്യുന്നത് സംബന്ധിച്ച സർക്കുലർ എല്ലാ ഡി.ഡി.ഇ മാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഒറ്റത്തവണ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കിയ കുട്ടികൾ https://scholarships.gov.in/ എന്ന പോർട്ടലിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് (2024-25)- ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കുന്നത് -**

**പൊതു നിർദ്ദേശങ്ങൾ**

1. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.sholarships.gov.in) വഴി ഓൺലൈൻ ആയി മാത്രം അപേക്ഷ സമർ പ്പിക്കേണ്ടതാണ്. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.sholarships.gov.in) വഴി അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പുതിയ അപേക്ഷകർ ഒറ്റത്തവണ രജിസ്ട്രേഷൻ (OTR) നടപടിയും eKYC-ഫെയ്സ് ആതന്റിക്കേഷൻ നടപടിയും പൂർത്തിയാക്കേണ്ടതുണ്ട്. 2023-24 വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ eKYC-ഫെയ്സ് ആതന്റിക്കേഷൻ നടപടി പൂർത്തിയാക്കേണ്ടതുണ്ട്.

2. സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുവാനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (https://scholarships.gov.in/)-ലെ **Students** എന്ന സെക്ഷനിൽ പ്രവേശിക്കേണ്ടതാണ്. **Students** സെക്ഷന്റെ ഡാഷ്ബോർഡിൽ കാണിക്കുന്ന **Apply for Scholarship** എന്ന മെനുവിനു കീഴിലുള്ള **Login** ലിങ്കിലൂടെ കുട്ടിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലോഗിൻ പേജിൽ പ്രവേശിക്കാം.

3 . **Login** പേജിലെ **Student Login Tips** വായിച്ച് മനസ്സിലാക്കിയശേഷം ഒറ്റത്തവണ രജിസ്ട്രേഷൻ നമ്പരും ഒറ്റത്തവണ രജിസ്ട്രേഷൻ വേളയിൽ ജനറേറ്റ് ചെയ്ത പാസ്സ് വേഡും നൽകി ലോഗിൻ ചെയ്യാവുന്നതാണ്.

4. കുട്ടി/രക്ഷിതാവ് ആവശ്യമായ എല്ലാ വിവരങ്ങളും വളരെ ശ്രദ്ധാപൂർവ്വം പൂരിപ്പിച്ച ശേഷം നൽകിയ വിവരങ്ങളെല്ലാം ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. ഓൺലൈനായി നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ അപൂർണ്ണമോ, അവ്യക്തമോ തെറ്റായതോ ആണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിടയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കുക. അപേക്ഷ സമർപ്പിച്ച ശേഷം തെറ്റുകൾ തിരുത്തുവാൻ സാധിക്കുന്നതല്ല.

5. 18 വയസ് പൂർത്തിയായ എല്ലാ അപേക്ഷകരും (നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന തീയതിയിൽ) ആധാർ വിവരങ്ങൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് നൽകേണ്ടതാണ്. ആധാർ ലഭ്യമാക്കിയിട്ടില്ലാത്തവർ, ഇതിലേക്ക് രജിസ്റ്റർ ചെയ്യേണ്ടതും തുടർന്ന് ലഭിക്കുന്ന " **Enrollment Identification (EID)** " വിവരങ്ങൾ നൽകി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. ഇപ്രകാരം " **EID** "

രജിസ്റ്റർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുന്ന രജിസ്ട്രേഷൻ താൽകാലികമായി പരിഗണിക്കുന്നതും, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ആധാർ വിവരങ്ങൾ നൽകിയ ശേഷം മാത്രം സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. 18 വയസിൽ താഴെയുള്ള കുട്ടികളിൽ ആധാർ ഇല്ലാത്തവർക്കും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

എന്നാൽ 18 വയസിൽ താഴെയുള്ള കുട്ടികളിൽ, ആധാർ ലഭ്യമാക്കാൻ കഴിയാത്ത കുട്ടികൾ അവരുടെ രക്ഷകർത്താവിന്റെ (അച്ഛൻ/അമ്മ/നിയമപ്രകാരമുള്ള രക്ഷകർത്താവ്) ആധാർ വിവരങ്ങൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് നിർബന്ധമായും നൽകേണ്ടതാണ്. ഇത്തരം അപേക്ഷകളിൽ രക്ഷകർത്താവിനെ ഗുണഭോക്താവായി പരിഗണിച്ച് സ്കോളർഷിപ്പ് തുക അനുവദിക്കുന്നതാണ്. അത്തരം സന്ദർഭത്തിൽ രക്ഷകർത്താവിന്റെ ബാങ്ക് അക്കൗണ്ട് ആധാർ സീഡ് ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. ഒറ്റത്തവണ രജിസ്ട്രേഷൻ വേളയിൽ നൽകിയ ആധാറിലെ ജനസംഖ്യാപരമായ വിവരങ്ങൾ (പേര്, ജനന തീയതി, ലിംഗഭേദം, തുടങ്ങിയവ) ഓട്ടോമാറ്റിക് ആയി അപേക്ഷ പേജിലേക്ക് വരുന്നതാണ്. കുട്ടിയുടെ ജനസംഖ്യാപരമായ വിവരങ്ങൾ (പേര്, ജനന തീയതി, ലിംഗഭേദം, തുടങ്ങിയവ) എന്തെങ്കിലും മാറ്റേണ്ടതുണ്ടെങ്കിൽ ആദ്യം ആധാറിൽ മാറ്റേണ്ടതാണ്. തുടർന്ന് ഒറ്റത്തവണ രജിസ്ട്രേഷന്റെ ഭാഗമായുള്ള eKYC പ്രക്രിയ വീണ്ടും ചെയ്തതിനു ശേഷമേ അപേക്ഷ പൂരിപ്പിക്കാവൂ. ആധാറിനു പകരം എൻറോൾമെന്റ് ഐഡി(EID) നൽകിയിട്ടുള്ളവർ, ഒരു മാസത്തിനകം ആധാർ നമ്പർ ലഭ്യമാക്കേണ്ടതാണ്.

7. കുട്ടികൾ അപേക്ഷയോടൊപ്പം ശരിയായുള്ളതും ആക്ടീവ് ആയിട്ടുള്ളതുമായ മൊബൈൽ നമ്പരും ഇ-മെയിൽ വിലാസവും സമർപ്പിക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധമായ സന്ദേശങ്ങളെല്ലാം ഇതുവഴിയായിരിക്കും കുട്ടിക്ക് ലഭിക്കുക. മാത്രമല്ല, പ്രസ്തുത സ്കോളർഷിപ്പ് തുക ലഭിക്കുന്നതിന് നൽകുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ റീവാലിഡേഷൻ നടപടികളുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ഇപ്രകാരം നൽകുന്ന മൊബൈൽ ഫോൺ നമ്പറിലേക്ക് (എസ്.എം.എസ്.) അയക്കുമെന്നതിനാൽ, ആയത് മാറ്റാതിരിക്കേണ്ടതും, ലഭിക്കുന്ന മെസേജുകളിൽ (എസ്.എം.എസ്) ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

8. Aadhaar Payment Bridge(APB) എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് സ്കോളർഷിപ്പ് തുക കുട്ടിയുടെ അക്കൌണ്ടിൽ ലഭ്യമാക്കുന്നത്. ഇതിനായി കുട്ടിയുടെ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ആധാർ നമ്പരുപയോഗിച്ച് സീഡ് ചെയ്ത ബാങ്ക് അക്കൌണ്ട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

9. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ രേഖകളും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ അനുശാസിക്കുന്ന പ്രകാരമായിരിക്കണം. ആയതിനാൽ പ്രസ്തുത സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട യോഗ്യത മാനദണ്ഡങ്ങളും

മാർഗ്ഗനിർദ്ദേശങ്ങളും മനസ്സിലാക്കിയിരിക്കേണ്ടതാണ്.

**10. State of Domicile** എന്നാൽ കുട്ടിയുടെ സ്ഥിരമായ മേൽവിലാസം ഏത് സംസ്ഥാനത്താണ് എന്നതാണ്.

**11. Scholarship Category**-ൽ **1** മുതൽ **10** വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ **Pre-matric Scholarship Scheme**-ലും **+1, +2,** ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ തുടങ്ങിയവർ **Post-matric Scholarship Scheme**-ലും ആണ് ഉൾപ്പെടുന്നത്.

**12.** ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥ പ്രകാരം **40** ശതമാനമോ അതിനുമുകളിലോ ഭിന്നശേഷിയുള്ള കുട്ടികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുള്ളത്. എന്നാൽ ഒരേ ക്ലാസിൽ വീണ്ടും പഠിക്കുന്നതിന് ഇടയായാൽ പ്രസ്തുത സ്കോളർഷിപ്പ് പുതുക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. (ഒരു ക്ലാസിൽ ഒരു തവണ മാത്രമേ ടി സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ). അത്തരം കുട്ടികൾ അടുത്ത ക്ലാസിൽ പ്രവേശിച്ച ശേഷം ടി സ്കോളർഷിപ്പ് ലഭിക്കണമെങ്കിൽ പുതുതായി (ഫ്രഷ് അപേക്ഷ) നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം അപേക്ഷിക്കേണ്ടതാണ്.

**13.** ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടുന്ന കുടുംബത്തിന്റെ ആകെ വാർഷിക വരുമാനം രണ്ടര ലക്ഷം (**2.50** ലക്ഷം) രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല. ഇതിലേക്കായി <u>" **തഹസിൽദാർ** " തസ്തികയിൽ കുറയാത്ത റാങ്കിലുള്ള ഒരു റവന്യൂ ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്</u> സമർപ്പിക്കണമെന്ന് കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം നിർദേശിച്ചിട്ടുണ്ട്.

**14.** ഒരു കുടുംബത്തിലെ **2** കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ. ആയതിൽ രണ്ടാമത്തേത് ഇരട്ട കുട്ടികളാണെങ്കിൽ, ഈ രണ്ടു കുട്ടികൾക്കും സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

**15.** ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് ആദ്യമായി അപേക്ഷിക്കുന്ന കുട്ടികൾ ഫ്രഷ് **(Fresh)** അപേക്ഷയും, മുൻ വർഷം അപേക്ഷിച്ചതിനെ തുടർന്ന് സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ പുതുക്കൽ (റിന്യൂവൽ) അപേക്ഷയും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ മുൻവർഷം അപേക്ഷിച്ചിട്ടും നാളിതുവരെ പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കാത്തവർക്ക്, നടപ്പ് വർഷം **(2024-25)** പുതുതായി അപേക്ഷ (ഫ്രഷ് വിഭാഗത്തിൽ) സമർപ്പിക്കാവുന്നതാണ്.

**16.** നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ, കുട്ടികൾ പഠിക്കുന്ന സ്കൂളിന്റെ **U-Dise** കോഡ് നൽകി അതാത് സ്കൂൾ സെലക്ട് ചെയ്യേണ്ടതാണ്. സ്കൂളിന്റെ **U-Dise** അറിയാത്ത പക്ഷം കുട്ടികൾ സ്കൂൾ അധികൃതരുമായി ബന്ധപ്പെടേണ്ടതാണ്.

**17.** ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾ പഠിക്കുന്ന കോഴ്സ് കാലയളവിൽ ചുവടെ ചേർക്കുന്ന

നിരക്കിൽ സ്കോളർഷിപ്പ് തുക ലഭിക്കുന്നതാണ്.

| Item | Day Scholar (₹) | Hostler (₹) |
|---|---|---|
| Maintenance Allowance (per month) | 500 | 800 |
| Book grant (per annum) | 1000 | 1000 |
| **Disability Allowance (per annum)** | | |
| Visually Impairment or Intellectual Disabilities | 4000 | 4000 |
| All other types of disabilities | 2000 | 2000 |

**18.** ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികളുടെ ഭിന്നശേഷി തെളിയിക്കുന്നതിന് സ്കൂൾ മേധാവി മുൻപാകെ കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം (Department of Empowerment of Persons with Disabilities) നൽകുന്ന **UDID Card (Unique Disability ID)** സമർപ്പിക്കേണ്ടതാണ്.

**UDID Card (Unique Disability ID)** ലഭ്യമല്ലാത്തതും, മേൽ സ്കോളർഷിപ്പിന് അർഹരായവരുമായ കുട്ടികൾക്ക് **www.swavlambancard.gov.in** എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. **UDID Enrollment** ലഭിക്കുന്ന കുട്ടികളുടെ **Enrollment** നമ്പർ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്താവുന്നതും, ആനുകൂല്യം നൽകാവുന്നതുമാണ്. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ അപേക്ഷയിൽ **UDID Enrollment** നമ്പർ മാത്രം രേഖപ്പെടുത്തിയ കുട്ടികളുടെ പ്രാബല്യത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

**UDID Card** ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള സാങ്കേതിക സഹായം പ്രസ്തുത അപേക്ഷകർക്ക് നൽകുന്നതിൽ സ്കൂൾ മേധാവി നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇതിലേക്ക് ആവശ്യമെങ്കിൽ, ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസറെ ചുമതലപ്പെടുത്താവുന്നതുമാണ്. എന്നാൽ **UDID Card** ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അറിവില്ലായ്മ കാരണമോ, അപേക്ഷകരായ കുട്ടികളുടെ മറ്റ് പരിമിതികളാലോ , ആയത് ലഭ്യമാക്കുന്നതിന് തടസ്സം നേരിടുക വഴി സ്കോളർഷിപ്പ് നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പ്രധാന അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**19. 2024-25** അക്കാദമിക് വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുമ്പോൾ ക്ലാസുകൾ ആരംഭിച്ച തീയതി **01/06/2024** എന്ന് നൽകേണ്ടതാണ്.

**20. 2021-22** വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, മറ്റിനങ്ങളിലുള്ള ഫീ തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂഷൻ/സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. ഏതെങ്കിലും കുട്ടികൾക്ക് സ്കൂൾ തലത്തിൽ ഫീസ് ഇളവ്

അനുവദിച്ചിട്ടുണ്ടെങ്കിൽ ടി കുട്ടികളുടേത് മാത്രം പ്രത്യേകം രേഖപ്പെടുത്തുന്നതിനും സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. സ്കൂൾ പ്രൊഫൈലിൽ സ്കൂൾ അധികൃതർ രേഖപ്പെടുത്തുന്ന മേൽ പറഞ്ഞ പ്രകാരമുള്ള ഫീസുകൾ കുട്ടികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള ആപ്ലിക്കേഷനിൽ സോഫ്റ്റ് വെയർ മുഖാന്തരം രേഖപ്പെടുത്തുന്നതാണ്.

2 1 . ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് (ഉദാ:- പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പ്, നാഷണൽ മീൻസ്-കം-മെറിറ്റ് (എൻ.എം.എം.എസ്) സ്കോളർഷിപ്പ്, ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ് എന്നിവ) അർഹതയുണ്ടായിരിക്കുന്നതല്ല.

22. പ്രസ്തുത സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ സ്കൂൾ തലത്തിൽ ലഭിക്കുന്ന ക്രമത്തിൽ, പ്രഥമാദ്ധ്യാപകർ/ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ ഇതിലേക്കുള്ള വ്യവസ്ഥകൾക്ക് വിധേയമായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി ഓൺലൈനായി സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്. യഥാസമയം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം പ്രസ്തുത അപേക്ഷകളുടെ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കാതിരുന്നാൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുമെന്നതിനാൽ, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ സ്കൂൾ ലോഗിനിൽ ഇതിലേക്കുള്ള അപേക്ഷകൾ ലഭ്യമാകുന്ന ക്രമത്തിൽ തന്നെ വെരിഫിക്കേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

23. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം പ്രസ്തുത സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ സമർപ്പിക്കുന്ന അപേക്ഷകൾ, **ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ ഓൺലൈനായി വെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി 2024 സെപ്റ്റംബർ 15 വരെയാണ്.**

നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴിയുള്ള സ്കൂൾ തലത്തിലുള്ള പരിശോധനയിൽ, ഓൺലൈനായി നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ അപൂർണ്ണമോ, അവ്യക്തമോ തെറ്റായതോ ആണെങ്കിൽ ( ഉദാ: വരുമാന പരിധി, കമ്മ്യൂണിറ്റി, Gender, Day Scholar or Hostler തുടങ്ങിയവ പ്രത്യേകിച്ചും ) അത്തരം അപേക്ഷകൾ ഡിഫക്റ്റ് (Defect) ചെയ്യേണ്ടതാണ്. എന്നാൽ അപേക്ഷകൾ വ്യാജമാണെന്ന് കാണുന്ന സാഹചര്യത്തിൽ ആയത് നിരസിക്കാവുന്നതാണ് (Reject). ഡിഫക്റ്റ് (Defect) ചെയ്യുന്ന അപേക്ഷകളിലെ ന്യൂനത പരിഹരിച്ച് പുനഃ സമർപ്പിക്കാൻ അപേക്ഷകന് കഴിയുന്ന സാഹചര്യത്തിൽ സ്കൂൾ അധികൃതർ ഇതിലേക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

24. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായങ്ങൾ/ സൗകര്യങ്ങൾ നൽകുന്നതിന് സ്കൂളുകൾ യാതൊരു വിധത്തിലുള്ള ഫീസുകളോ/സംഭാവനകളോ ഈടാക്കുവാൻ പാടുള്ളതല്ല

**25.** കൂടുതൽ വിവരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ **0471-3567564, 0471-2580583** എന്നീ ഫോൺ നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്.

Signed by
Shanavas S
Date: 20-07-2024 14:55:54

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3. എല്ലാ സർക്കാർ അംഗീകൃത വിദ്യാലയങ്ങളിലെയും പ്രധാനാധ്യാപകർ(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, തിരുവനന്തപുരം( ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)